# ആമുഖം

Rt. Rev. Dr. ബെൻസിഗർ പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ 1923 ജൂൺ 8 ന് സ്ഥാപിതമായ സെന്റ് ജോസഫ് പ്രൈമറി സ്കൂൾ 1949 ൽ സെന്റ് ജോസഫ് ഹൈസ്കൂളായി ഉയർന്നപ്പോൾ Rev. Fr. Stephen Gomez അച്ചൻ ലോക്കൽ മാനേജരും പ്രധാനാധ്യാപകനുമായിരുന്നു അച്ചന്റെയും നല്ലവരായ നാട്ടുകാരുടെയും ശ്രമഫലമായി 1950ൽ കരിമ്പനയിൽ നിന്നും രണ്ടുനില കെട്ടിടം നിർമ്മിക്കുവാൻ സാധിച്ചു. 1952ൽ ആദ്യത്തെ SSLC ബാച്ച് വിജയത്തോടെ പഠനം പൂർത്തീകരിച്ചു. ഇന്ന് രണ്ട് ഇരുനില കെട്ടിടവും ഓഫീസ് മന്ദിരവും ഉൾപ്പെടെ മൂന്ന് കെട്ടിടങ്ങൾ സ്കൂളിന് സ്വന്തമായുണ്ട്. വിശാലമായ കളിസ്ഥലം, 11 ക്ലാസ്റൂം, ഓഫീസ് റൂം, അധ്യാപകർക്കും അധ്യാപികമാർക്കും വെവ്വേറെ സ്റ്റാഫ് റൂം പരിമിതികളോട് കൂടിയ ലൈബ്രറി, ഐ.ടി. ലാബ്, സയൻസ് ലാബ്, അടുക്കള എന്നിവയുണ്ട്. തീരദേശത്തെ കുട്ടികളുടെ സർവതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കികൊണ്ട് നിർമ്മിച്ച ഈ വിദ്യാലയം ഇന്ന് സമൂഹത്തിലെ എല്ലാ മേഖലയിലുമുള്ള വിദ്യാർത്ഥികളെയും ഉൾക്കൊണ്ടുകൊണ്ട് മികച്ച വിജയശതമാനവുമായി മുന്നോട്ട് പോകുന്നു.

**2025-26** അധ്യയന വർഷത്തിൽ 5-10 വരെയുള്ള ക്ലാസുകളിലായി 253 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇതിൽ 163 ആൺകുട്ടികളും 90 പെൺ

കുട്ടികളും ഉൾപ്പെടുന്നു. അധ്യാപകരും അനധ്യാപകരുമായി 16 സ്റ്റാഫ് ഉണ്ട്. ഇതിൽ 12 അധ്യാപകരും 4 ഓഫീസ് ജീവനക്കാരും ഉണ്ട്. ഈ സ്കൂളിന്റെ നിലവിലെ HM. ശ്രീമതി ഹെർമായിൻ പാറ്റേഴ്സൺ ആണ്. 2008 മുതൽ SSLC പരീക്ഷയിൽ 100% വിജയം നിലനിർത്തുകയും ചെയ്യുന്നു. 2015-16 ൽ ജില്ലയിലെ മികച്ച സ്കൂളായി സെന്റ് ജോസഫ് ഹൈസ്കൂൾ തിരഞ്ഞെടുക്കപ്പെട്ടു

വളരെ പരിമിതമായ സാഹചര്യങ്ങളിൽ നിന്നു വരുന്ന ഈ സ്കൂളിലെ കുട്ടികൾ മികച്ച വിജയശതമാനത്തോടെ പരീക്ഷകളിൽ വിജയിച്ചു. അധ്യാപകരുടെ കഠിനപ്രയത്നഫലമായി 2008, 2014, 2017 എന്നീ വർഷങ്ങളിൽ full A+ നേടാൻ കഴിഞ്ഞതും സ്കൂളിന്റെ ചരിത്ര നേട്ടമാണ്. 2023, 2024, 2025 വർഷങ്ങളിൽ SSLC പരീക്ഷയിൽ മികവാർന്ന വിജയം നേടാനായതും സ്കൂളിന്റെ അഭിമാനാർഹമായ നേട്ടമാണ്. വിവിധ മേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കാനും ജില്ലാതലം എത്തിക്കാൻ കഴിഞ്ഞതും സ്കൂളിന്റെ ഒരു നേട്ടം തന്നെയാണ്. കൂടാതെ കലാപരമായും കായികപരമായും മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്തി അവരെ ജില്ലാതലം വരെ എത്തിക്കുവാനും കഴിഞ്ഞു.

മികച്ച സയൻസ് ലാബ്, മികച്ച കമ്പ്യൂട്ടർ ലാബ്, മികവാർന്ന [illegible], മികച്ച നിരത്തിലുള്ള

ഉച്ചഭക്ഷണം, NCC, School Band, School-Co-operative Society ഇവയൊക്കെയും തന്നെ സ്കൂളിന്റെ നേട്ടങ്ങളാണ്. Corporate Management സ്കൂളുകളിൽ ഏറ്റവും മികച്ച ടോയ്‌ലറ്റ് ബ്ലോക്ക്. ഈ സ്കൂളിന്റേതാണെന്ന് ഹെൽത്ത് ഡിപ്പാർട്ട്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 10-20 ക്ലാസിലെ എല്ലാ ക്ലാസ് റൂമുകളും UP തലം തുടങ്ങി ഹൈസ്കൂൾ തലം വരെ എല്ലാ ക്ലാസ്റൂമുകളും ഹൈ-ടെക് ആക്കാൻ കഴിഞ്ഞത് സ്കൂളിന്റെ മികച്ച നേട്ടം തന്നെയാണ്.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

1. **അക്കാദമികം**: പഠനോപകരണങ്ങൾ സൂക്ഷിക്കുന്നതിന് പ്രത്യേക സൗകര്യങ്ങളില്ല. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി അധ്യാപകർ ഇല്ലാത്തത് അക്കാദമിക കാര്യങ്ങളിൽ ബുദ്ധിമുട്ടുണ്ടാക്കുന്നു

2. **ലൈബ്രറി**:- സ്കൂളിൽ ഒരു ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. ആവശ്യമായ ബുക്കുകൾ സമാഹരിക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. ലൈബ്രറി പ്രവർത്തിക്കുന്ന കെട്ടിടം പഴക്കമേറിയതും സഞ്ചാരയോഗ്യമല്ലാത്ത സ്ഥലത്തുമാണ്.

**കമ്പ്യൂട്ടർ ലാബ് :-** നവീകരിച്ച കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും UP, HS കുട്ടികൾക്കായി പ്രത്യേക വിഭാഗമില്ല.

**സയൻസ് ലാബ് :-** സ്കൂളിൽ UP section നും High School Section നും പ്രത്യേക lab facility ഇല്ല. ഹൈസ്കൂൾ വിഭാഗത്തിൽ physics, Chemistry Biology എന്നീ വിഷയങ്ങൾക്ക് പ്രത്യേക lab facility ഇല്ല, എന്നതും പോരായ്മയാണ്. ഗണിത ലാബിനായി പ്രത്യേക മുറി ഇല്ല.

**ഉച്ചഭക്ഷണശാല :** വൃത്തിയായ ഉച്ചഭക്ഷണ മുറിയും അടുക്കളയും ഉണ്ട്. അവിടെയും എല്ലാ കുട്ടികൾക്കും ഇരുന്ന് ഭക്ഷിക്കാനുള്ള സൗകര്യമില്ല.

**കളിസ്ഥലം:** കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കളിസ്ഥലവും പ്രത്യേകം ഉണ്ട്. പക്ഷേ കുട്ടികൾക്ക് ആവശ്യമായ കായിക വിനോദ ഉപകരണങ്ങളുടെ കുറവ് ഉണ്ട്. Basket ball court ഇല്ല. Volley ball court ഉണ്ടെങ്കിലും പ്രവർത്തന ക്ഷമമല്ല.

**ഓഡിറ്റോറിയം:** സ്കൂൾ programme നടത്തുന്നതിന് പ്രത്യേക ഓഡിറ്റോറിയം ഉണ്ട്.

**ടോയ്‌ലറ്റ് :** ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക Toilet സൗകര്യം ഉണ്ട്. പക്ഷേ പെൺകുട്ടികളുടെ ടോയ്‌ലറ്റിൽ സാനിറ്ററി നാപ്കിൻ നശിപ്പിക്കുന്നതിനുള്ള incinator ഉണ്ടെങ്കിലും

പ്രവർത്തനക്ഷമമല്ല. ഭിന്നശേഷിക്കാർക്ക് പ്രത്യേക ടോയ്‌ലറ്റ് സംവിധാനമില്ല.

**Co-operative Society:-** പരിമിതമായ സൗകര്യങ്ങളോടുകൂടിയ ഒരു മുറിയിലാണ് society പ്രവർത്തിക്കുന്നത്.

**സ്കൂൾ പരിസരം:-** മഴ സമയത്ത് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ഒരവസ്ഥയാണ് ഇടപ്രാവുകളുള്ളത് താഴ്ന്ന സ്ഥലമായതിനാൽ വെള്ളം കെട്ടിക്കിടക്കുകയും കുട്ടികളുടെ ആരോഗ്യത്തിന് അത് ഭീഷണിയുമാകുന്നു

**കാഴ്ചപ്പാട്:-**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ വിദ്യാലയത്തെയും അന്താരാഷ്ട്ര വിദ്യാഭ്യാസ നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നതാണ് നമ്മുടെ കാഴ്ചപ്പാട്. മൂല്യബോധമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക അതോടൊപ്പം തന്നെ അവരിൽ അന്തർലീനമായിരിക്കുന്ന എല്ലാ നൈപുണികളും വികസിപ്പിച്ചെടുക്കുന്ന ഒരു വിദ്യാഭ്യാസ രീതിയാണ് അവലംബിക്കുന്നത്. അതിനായി കുട്ടികളുടെ അക്കാദമിക നിലവാരം വിലയിരുത്തുവാനും ഒപ്പം അധ്യാപകരുടെ ബോധനരീതികൾ വിലയിരുത്തുവാനുമുള്ള സംവിധാനങ്ങൾ ഒരുക്കപ്പെടുത്തണം. കൃത്യമായി സ്കൂളിൽ വരാത്ത കുട്ടികളെയും ഭിന്നശേഷിക്കാരെയും പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെയും വിദ്യാലയത്തിലേയ്ക്ക് ആകർഷിക്കുവാനുമുള്ള നൂതന പരിപാടികൾ ആവിഷ്ക്കരിക്കണം.

സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ പങ്കാളിത്തം നൽകണം. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും രക്ഷിതാക്കളുടെയും പൂർവവിദ്യാർത്ഥികളുടെയും പ്രാദേശിക നേതാക്കളുടെയും സ്കൂളുമായി ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണം ഉറപ്പാക്കുവാൻ ശ്രമിക്കണം. അധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി ഗവൺമെന്റ് തലത്തിൽ നടത്തപ്പെടുന്ന എല്ലാ പരിശീലനങ്ങളിലും മുഴുവൻ അധ്യാപകരെയും പങ്കെടുപ്പിക്കുകയും അവിടെ നിന്ന് ലഭിച്ച അറിവുകൾ വിദ്യാലയത്തിന് പ്രാവർത്തികമാക്കുകയും വേണം.

## ലക്ഷ്യങ്ങൾ:

### അക്കാദമികം:-

- 2025 - 26 വർഷത്തിൽ SSLC യ്ക്ക് 100% ശതമാനം വിജയവും 20 full A+ നേടുക
- എല്ലാവർക്കും എഴുത്തും വായനയും.
- എല്ലാ കുട്ടികളും ഗണിതക്രിയകൾ സ്വായത്തമാക്കുക
- ICT സാധ്യതകൾ പ്രയോജനപ്പെടുത്തി പഠന പ്രവർത്തനങ്ങൾ വിപുലീകരിച്ച് പൂർണ്ണമായും പ്രയോജനപ്പെടുത്തുക.
- ഭിന്നശേഷിക്കാരെയും ഉൾപ്പെടുത്തിയുള്ള പഠന പ്രവർത്തനങ്ങൾ
- കലാകായിക മേഖലകളിൽ വിദ്യാർത്ഥികളുടെ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിച്ച് സബ്ജില്ല

ജില്ല സംസ്ഥാനതലത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കുവാൻ പ്രാപ്തരാക്കുക.

7. ലഹരിവിരുദ്ധ ക്ലാസുകൾ, സെമിനാറുകൾ, കുട്ടികളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.
8. പോഷകസമൃദ്ധമായ ഭക്ഷണം നൽകുന്നതിന് മുമ്പ് വേണ്ടുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുക.
9. ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ
10. നിരന്തര മൂല്യനിർണയം ടേം മൂല്യനിർണ്ണയം നടത്തൽ

## ഭൗതികം, സാമൂഹികം:-

1. സുരക്ഷിതത്വം ഉറപ്പാക്കുന്ന ചുറ്റുമതിൽ, ഗേറ്റ്
2. സ്കൂൾ ആഡിറ്റോറിയത്തിൽ അടിസ്ഥാനസൗകര്യങ്ങളുടെ വികസനം.
3. സ്കൂളിലെ എല്ലാ കുട്ടികൾക്കും ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള അടിസ്ഥാന സൗകര്യം ഉച്ചഭക്ഷണശാലയിൽ ഇല്ല.
4. മാലിന്യനിർമ്മാർജ്ജനത്തിന് പര്യാപ്തമായ ഒരു ബയോഗ്യാസ് പ്ലാന്റ്.
5. കായികവിനോദത്തിനുള്ള ഉപകരണങ്ങൾ
6. പെൺ-സൗഹൃദ ടോയ്‌ലറ്റുകളുടെ നിർമ്മാണം
7. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ടോയ്‌ലറ്റ് സൗകര്യം
8. ആധുനിക രീതിയിലുള്ള Co-operative Society

9. മഴസമയത്ത് സ്കൂൾ ഗ്രൗണ്ടിൽ നിന്ന് വെള്ളക്കെട്ട് ഒഴിവാക്കി വെള്ളം ഒഴുകി പോകുന്നതിനുള്ള സൗകര്യം ഉറപ്പാക്കുക.
10. പ്ലാസ്റ്റിക് രഹിത വിദ്യാലയം
11. ശക്തമായ PTA, MPTA
12. വിദ്യാലയ വികസനം പൊതുസമൂഹവുമായി പങ്കിടൽ
13. പൂർവ്വവിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സഹകരണം

## സമഗ്ര ഗുണമേന്മാവിദ്യാഭ്യാസം 2025-26

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നമ്മുടെ സ്കൂളിലെ പ്രവർത്തനങ്ങൾ ജൂൺ 3-ാം തീയതി ആരംഭിച്ചു. കുട്ടികളുടെ ശാരീരിക മാനസിക സാമൂഹിക ഉന്നതി ലക്ഷ്യമിട്ടുകൊണ്ടുള്ള സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം വിവിധ പ്രവർത്തനങ്ങളോടെ ആരംഭിച്ചു.

ആദ്യപ്രവർത്തനം 'ലഹരിക്കെതിരെയുള്ള പോരാട്ടം വിദ്യാർത്ഥികളോടൊപ്പം അധ്യാപകരും സംവാദം.' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ടു. പിന്നീട് ശുചിത്വം - വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്ന. വിഷയത്തെ ആസ്പദമാക്കിയുള്ളതായിരുന്നു. ട്രാഫിക് നിയമങ്ങൾ, റോഡപക ങ്ങളുടെ തോത് കുറയ്ക്കൽ, സൈക്കിളിൽ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെ കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തപ്പെട്ടു

കുട്ടികളുടെ സാമൂഹിക ഇടപെടലിനെ കുറിച്ച് അടുത്ത സെഷനിൽ ക്ലാസെടുത്തു. കുട്ടികൾ, അധ്യാപകർ PTA അംഗങ്ങൾ എന്നിവരുടെ ചർച്ചയിൽ ഹെഡ്മിസ്ട്രസ് ഹെൽദമായിൽ ടീച്ചർ അധ്യക്ഷത വഹിച്ചു. സമഗ്ര ഗുണമേന്മ പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾ നമ്മുടെ സ്കൂളിൽ അധ്യാപകരുടെയും PTA membersന്റെയും സഹായത്തോടെ ആദ്യ രണ്ടാഴ്ചകളിൽ നടപ്പിലാക്കി.

## 2025-26 വർഷത്തിൽ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ

1. ഭാഷാവിഷയങ്ങൾ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കാൻ സ്പെഷ്യൽ ക്ലാസുകൾ ICT സാധ്യത എന്നിവ പ്രയോജനപ്പെടുത്തുക.
2. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേക പ്രവർത്തനങ്ങൾ നടത്തുക.
3. ആധുനിക സൗകര്യങ്ങളോട് കൂടിയ ഹൈടെക് ക്ലാസ്റൂമുകൾ
4. ലൈബ്രറി, ലബോറട്ടറി എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
5. ഒരോ കുട്ടിക്കും ICT പ്രയോജനം ലഭ്യമാകാനുള്ള തരത്തിലുള്ള കമ്പ്യൂട്ടർ ലാബുകൾ.
6. പ്ലാസ്റ്റിക് രഹിത വിദ്യാലയം
7. ബയോഗ്യാസ് പ്ലാന്റ് പുനർനിർമ്മാണം

8 ഭിന്നശേഷിക്കാർക്കായി പ്രത്യേക സംവിധാനം.

9 പഠന യാത്രകൾ, പ്രമുഖരുമായുള്ള അഭിമുഖം

10. കുട്ടികളുടെ സർഗ്ഗവാസനകൾ, കലാകായികപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുക.

11. കുട്ടികളുടെ മാനസികസമ്മർദ്ദം ലഘൂകരിക്കുന്നതിന് ആവശ്യമായ കൗൺസിലിംഗ് സംഘടിപ്പിക്കുക

12. പൂർവ്വവിദ്യാർത്ഥി സംഘടനയുടെ സഹായം

13. നിത്യജീവിതത്തിൽ കൃഷിയ്ക്കുള്ള പ്രാധാന്യം ചൂണ്ടിക്കാട്ടി കൃഷിയിൽ താല്പര്യം വർദ്ധിപ്പിക്കുക

14. ദിനാചരണങ്ങളുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

15. ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യംചെയ്യുന്നതിനായി Communicative English ക്ലാസുകൾ ആഴ്ചയിൽ രണ്ടുദിവസം നടത്തുക.

16. ഉന്നത പരീക്ഷകളിൽ കുട്ടികളെ തയ്യാറാക്കുന്നതിനായി കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കാനായി പൊതുവിജ്ഞാന ക്ലാസുകൾ എടുക്കുന്നുണ്ട്

11. കുട്ടികളുടെ മാനസികശേഷി വർദ്ധിപ്പിക്കുന്നതിനായി ഗണിതാധ്യാപകരുടെ നേതൃത്വത്തിൽ Mental Ability ക്ലാസുകൾ നടത്തപ്പെടുന്നു.

12. കുട്ടികളിലെ ചിന്താനൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി വിദഗ്ദ്ധ അദ്ധ്യാപകന്റെ നേതൃത്വത്തിൽ

ചിത്രരചനാ ക്ലാസുകൾ നടത്തപ്പെടുന്നു.

13. LSS, USS, NMMS Exam കൾക്കായി പ്രത്യേക പരിശീലനം നൽകിവരുന്നു.

14. NMMS ക്ലാസുകൾക്കായി ശനിയാഴ്ചകളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു.

15. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി എഴുത്തും വായനയും അറിയാത്ത കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നടത്തപ്പെടുന്നു.